# വിജയദശമി നായർമഹാസമ്മേളനം

### മന്നം നഗർ, പെരുന്ന. 8.10.2019 ചൊവ്വ

## വിജയദശമിസന്ദേശം

ചങ്ങനാശ്ശേരി താലൂക്ക് എൻ.എസ്.എസ്. യൂണിയന്റെ ആഭിമുഖ്യത്തിൽ 106-ാമത് വിജയദശമിനായർമഹാസമ്മേളനമാണ് ഇവിടെ നടക്കുന്നത്.

ഇതിൽ പങ്കെടുക്കുന്ന വിശിഷ്ടാതിഥികൾക്കും ഇതിന്റെ സംഘാടകരായ താലൂക്ക് യൂണിയൻ പ്രസിഡന്റ് ശ്രീ. ഹരികുമാർ കോയിക്കൽ അടക്കമുള്ള ഭരണസമിതിയംഗങ്ങ ൾക്കും ഇവിടെ സന്നിഹിതരായിട്ടുള്ള കരയോഗ-വനിതാസമാജ-ബാലസമാജ അംഗ ങ്ങൾക്കും മറ്റ് അഭ്യുദയകാംക്ഷികൾക്കും വിജയദശമി ആശംസകൾ നേർന്നുകൊള്ളുന്നു.

തിന്മയ്ക്കെതിരെ നന്മ വിജയംവരിച്ച സുദിനമാണ് വിജയദശമി. നായർസമുദായം അവഗണിക്കപ്പെട്ടപ്പോൾ അതിന്റെ മോചനത്തിനായുള്ള കാഹളം മുഴങ്ങിയത് ഒരു വിജയ ദശമിദിനത്തിലാണ്. 1913 ഒക്ടോബർ 6-ാം തീയതി നടന്ന ശ്രീമൂലംതിരുനാൾ ആഘോ ഷത്തിൽ വച്ചാണ് നായർസമുദായംഅവഗണിക്കപ്പെട്ടത്. അപമാനം സഹിക്കവയ്യാതെ മന്നത്തു പത്മനാഭൻ ആ യോഗത്തിൽ നിന്നും ഇറങ്ങിപ്പോന്നു. അവിടെ കൂടിയിരുന്ന നായന്മാർ ഒന്നൊഴിയാതെ അദ്ദേഹത്തെ പിൻതുടർന്നു. അന്നു രാത്രിയിൽതന്നെ അവർ പെരുന്ന കരയോഗമന്ദിരത്തിൽ എത്തി യോഗം ചേരുകയും തൊട്ടടുത്ത വിജയദശമിദിന ത്തിൽ പ്രത്യേകമായി തിരുനാളാഘോഷം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. ആ കൊല്ലത്തെ വിജയദശമിദിനത്തിൽ (9.10.1913) ശ്രീമൂലംതിരുനാൾ ആഘോഷം കരയോഗമന്ദിരത്തിൽവച്ച് ഐശ്വര്യപൂർണ്ണമായി നടത്തി.

ആ യോഗത്തിൽവച്ചാണ് ചങ്ങനാശ്ശേരി താലൂക്ക് നായർസമാജം എന്ന സംഘടന രൂപംകൊണ്ടത്. അതിന്റെ വാർഷികമായിട്ടാണ് വിജയദശമിനായർമഹാസമ്മേളനം തുടർന്ന് എല്ലാവർഷവും വിജയദശമിനാളിൽ നാം കൊണ്ടാടിവരുന്നത്.

തുടർനടപടി എന്ന നിലയിലാണ് 1914 ഒക്ടോബർ 31-ന് മന്നത്തുപത്മനാഭനും സഹ പ്രവർത്തകരായ 13 പേരും ചേർന്ന് നായർസമുദായ ഭൃത്യജനസംഘത്തിന് രൂപംനല്കിയത്. അങ്ങനെ രൂപീകരിച്ച നായർസമുദായഭൃത്യജനസംഘമാണ് 1915-ൽ നായർ സർവീസ് സൊസൈറ്റിയായി രൂപാന്തരം പ്രാപിച്ചതും.

സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസരംഗങ്ങളിലെ നായർ സർവീസ് സൊസൈ റ്റിയുടെ നിരന്തരമായ പ്രവർത്തനം ഒരു നൂറ്റാണ്ട് പിന്നിട്ടിരിക്കുകയാണ്. മതേതരത്വവും ജനാധിപത്യവും കാത്തുസൂക്ഷിച്ച്, സമുദായ പുരോഗതിയിലൂടെ സമൂഹത്തിന്റെയും രാജ്യ ത്തിന്റെയും നന്മയ്ക്കായി പ്രവർത്തിക്കുക, സാമൂഹ്യനീതിക്കുവേണ്ടി നിലകൊള്ളുക എന്നീ അടിസ്ഥാനമൂല്യങ്ങളിൽനിന്നു വ്യതിചലിക്കാതെ ഈ രംഗത്തുള്ള എൻ.എസ്.എസ്സിന്റെ പ്രവർത്തനം 105 വർഷങ്ങൾ പിന്നിടുകയാണ്. അടിസ്ഥാനമൂല്യങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ടുള്ള ഈ പ്രവർത്തനമാണ് സംഘടനയുടെ ശക്തി.

സമുദായം ഇപ്പോൾ നേരിടുന്ന പ്രധാന പ്രശ്നം ഈശ്വരവിശ്വാസത്തിന്റെയും ആചാരാനുഷ്ഠാനങ്ങളുടെയും സംരക്ഷണം സംബന്ധിച്ചുള്ളതാണ്. ശബരിമലക്ഷേത്ര ത്തിലെ യുവതീപ്രവേശനം അതിൽ പ്രധാനപ്പെട്ടതാണ്. അവയുടെ സംരക്ഷണത്തിനു വേണ്ടി വിശ്വാസികളോടൊപ്പമാണ് എൻ.എസ്.എസ്. നിലകൊള്ളുന്നത്.

എന്നാൽ, ഈ വിഷയത്തിൽ സംസ്ഥാനസർക്കാരും ഇടതുമുന്നണിയും വിശ്വാസി കൾക്ക് എതിരായ നിലപാടാണ് ഇപ്പോഴും സ്വീകരിച്ചുവരുന്നത്.

കേന്ദ്രസർക്കാർ ആകട്ടെ, ശബരിമലവിഷയത്തിൽ വിശ്വാസം സംരക്ഷിക്കുന്നതിന് ആത്മാർത്ഥമായ യാതൊരു നടപടിയും ഇന്നേവരെ സ്വീകരിച്ചിട്ടുമില്ല.

സംസ്ഥാനസർക്കാർ നവോത്ഥാനത്തിന്റെ പേരുപറഞ്ഞ്, രാഷ്ട്രീയനേട്ടത്തിനായി ജനങ്ങളിൽ സവർണ്ണ-അവർണ്ണ ചേരിതിരിവുണ്ടാക്കിയും മുന്നാക്ക-പിന്നാക്കവിഭാഗീയത വളർത്തിയും ജാതീയമായിപോലും ജനങ്ങളെ വേർതിരിക്കുന്നു.

(മറുപുറം)

ഫലത്തിൽ, മുന്നാക്കവിഭാഗങ്ങളെ പാടേ അവഗണിച്ച്, അവരിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കു വേണ്ടിയുള്ള നിലവിലെ ധനസഹായപദ്ധതികളെല്ലാംതന്നെ അട്ടിമറിക്കുന്നു.

- ❖ സംസ്ഥാനമുന്നാക്കക്ഷേമകോർപ്പറേഷൻവഴി മുന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് നല്കിവന്നിരുന്ന ധനസഹായം - 50 കോടിയിൽപരം രൂപ - രണ്ടുവർഷമായി സർക്കാർ അകാരണമായി തടഞ്ഞുവച്ചിരിക്കുന്നു.
- ❖ കുമാരപിള്ളകമ്മീഷൻ പ്രകാരം മുന്നാക്കസമുദായങ്ങളിലെ പാവപ്പെട്ടവർക്കു വേണ്ടിയുള്ള ഫീസ് സൗജന്യം, എയിഡഡ് കോളേജുകളിൽ മാനേജ്മെന്റുക്വോട്ടായിലും കമ്മ്യൂണിറ്റിക്വോട്ടായിലും അഡ്മിഷൻ ലഭിക്കുന്ന കുട്ടികൾക്ക്, കാരണം കൂടാതെ നിഷേധിച്ചിരിക്കുകയാണ്.
- ❖ ദേവസ്വം ബോർഡിലെ നിയമനങ്ങൾക്ക്, മുന്നാക്കസമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് 10 ശതമാനം സംവരണം നടപ്പാക്കുമെന്ന് കൊട്ടിഘോഷിച്ചെങ്കിലും രണ്ടുവർഷം കഴിഞ്ഞിട്ടും അത് നടപ്പാക്കിയിട്ടില്ല.
- ❖ മുന്നാക്കസമുദായങ്ങൾക്കുവേണ്ടി രൂപീകരിച്ച സ്ഥിരംകമ്മീഷൻ, സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പുതിയ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സർക്കാർ ശ്രമിക്കുന്നുമില്ല.
- ❖ മുന്നാക്കസമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് തൊഴിൽ, വിദ്യാഭ്യാസം എന്നീമേഖലകളിൽ കേന്ദ്രഗവൺമെന്റ് ഏർപ്പെടുത്തിയ 10 ശതമാനം സംവരണം നടപ്പാക്കുന്ന കാര്യത്തിൽ മെല്ലെപ്പോക്ക് നയമാണ് സംസ്ഥാനസർക്കാർ സ്വീകരിച്ചിരിക്കുന്നത്.
- ❖ സമുദായാചാര്യന്റെ ജന്മദിനമായ ജനുവരി 2, നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽപെടുന്ന പൊതുഅവധിയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് രണ്ടുതവണ നായർ സർവീസ് സൊസൈറ്റി സംസ്ഥാനസർക്കാരിന് നിവേദനം സമർപ്പിച്ചെങ്കിലും വ്യക്തമായ ന്യായീകരണമൊന്നുമില്ലാതെ, ആ ആവശ്യം നിഷ്കരുണം നിരസിക്കുകയാണ് ചെയ്തത്.

ഇവയെല്ലാംതന്നെ നായർസമുദായത്തെ മാത്രമല്ല,മുന്നാക്കവിഭാഗങ്ങളെ പൊതുവെ ബാധിക്കുന്ന വിഷയങ്ങളാണ്. ആയതുകൊണ്ട്, സംസ്ഥാനസർക്കാരിന്റെ ഈ അവഗണനയ്ക്കും വിവേചനത്തിനും എതിരെ ആണ് നാം ഇപ്പോൾ പ്രതികരിക്കേണ്ടിയിരിക്കുന്നത്.

എൻ.എസ്.എസ്സിന് രാഷ്ട്രീയമില്ല, സമദൂരമാണ്. എങ്കിൽപോലും നാട്ടിൽ ഇപ്പോൾ നിലനില്ക്കുന്ന രാഷ്ട്രീയസാഹചര്യങ്ങളും സാമുദായികസമവാക്യങ്ങളും കണക്കിലെടുത്ത് ജനാധിപത്യം, മതേതരത്വം, സാമൂഹികനീതി, ഈശ്വരവിശ്വാസം, ആചാരാനുഷ്ഠാനങ്ങൾ എന്നീ അടിസ്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നതിന്, ഈ വരുന്ന ഉപതിരഞ്ഞെടുപ്പിൽ ഒരു ശരിദൂരം കണ്ടെത്തേണ്ടത് അനിവാര്യമായി വന്നിരിക്കുകയാണ്.

സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭൻ, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഉച്ചനീചത്വങ്ങൾക്കും എതിരെ പടപൊരുതിയ സാമൂഹികപരിഷ്കർത്താവാണ്. എന്നാൽ ഈശ്വരവിശ്വാസവും ആചാരാനുഷ്ഠാനങ്ങളും നിലനില്ക്കണമെന്ന് അദ്ദേഹം എന്നും ആഗ്രഹിച്ചിരുന്നു.മത-സമുദായികസൗഹാർദ്ദം നിലനില്ക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അതിനെയാണ് നമ്മളും പിൻതുടരേണ്ടത്.

അതിനാൽ, സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭന്റെ ദർശനങ്ങളും ആദർശങ്ങളും ഉൾക്കൊണ്ട്, അടിസ്ഥാനമൂല്യങ്ങൾ കൈവിടാതെ, സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തി, ഇത്തരം അവഗണനയ്ക്കെതിരെ സമുദായം ഒറ്റക്കെട്ടായി മുന്നേറണം എന്ന സന്ദേശമാണ് ഈ വിജയദശമിദിനത്തിൽ നല്കാനുള്ളത്.

പെരുന്ന
8.10.2019

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി